**COLLEGE OF ENGINEERING, PATHANAPURAM**
(Under the Co-operative Academy of Professional Education, Estd. by Govt. of Kerala)

No-E2-1249/2026/PEC 23.10.2026

## പ്രസിദ്ധീകരണത്തിന്

## പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ കരാർ /ദിവസ വേതന നിയമനം

കൊല്ലം: സർക്കാർ നിയന്ത്രണത്തിലുള്ള കേപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന പത്തനാപുരം എഞ്ചിനീയറിംഗ് കോളേജിൽ കരാർ/ ദിവസ വേതന അടിസ്ഥാനത്തിൽ താഴെ പറയുന്ന തസ്തികകളിലേക്ക് താൽക്കാലിക നിയമനം നടത്തുന്നു.

| Sl No | Name of post | Qualification |
|---|---|---|
| 1 | Assistant | 1) A Bachelor Degree in any discipline recognised by the Universities in Kerala<br>2) Government (State/Central) Approved Diploma in Computer Application Certificate not less than 6 month's duration or equivalent qualification. |
| 2 | Librarian | Pass in BLISc/MLISc course |
| 3 | Lab Attender (Physics/Chemistry) | Pass in Pre-Degree/Plus Two or equivalent examination with Physics and Chemistry as optional subjects |
| 4 | Security Guard | Pass in standard VIII[th], must possess sound health and Physical fitness, Ex-servicemen, Retired military/paramilitary personnel or persons with NCC Certificates/ Security training are preferred in public/autonomus bodies |
| 5 | Sweeper | Pass in VIII[th] standard, Must be able to read and write in Malayalam |
| 6 | Peon | Pass in VIII[th] standard or equivalent examination with knowledge in cycling |

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ പ്രായം, വിദ്യഭ്യാസ യോഗ്യത, ജാതി സംവരണം, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപെടുത്തിയ പകർപ്പുകളും സഹിതം 30.10.2026 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കോളേജിൽ അഭിമുഖത്തിന് നേരിട്ട് ഹാജരാക്കേണ്ടതാണ്. നിയമനവുമായി ബന്ധപ്പെട്ട നിബന്ധനകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു .

കൂടുതൽ വിവരങ്ങൾക്ക് Mob No-9495562111, 8547852810

പ്രിൻസിപ്പാൾ

COLLEGE OF ENGINEERING CAPE, GOVT. OF KERALA PATHANAPURAM-689696

Copy to

1) Computer Programmer-for publishing Website
2) S/F



Scanned with CamScanner

# <u>നിയമനവുമായി ബന്ധപ്പെട്ട നിബന്ധനകൾ</u>

**പ്രായ പരിധി** : വിജ്ഞാപന തീയതിയിൽ അപേക്ഷകർക്ക് കുറഞ്ഞത് 18 വയസ്സ് പൂർത്തിയായിരിക്കണം. പരമാവധി പ്രായപരിധി 50 വയസ്സായിരിക്കും. സംവരണ വിഭാഗങ്ങളിൽപ്പെട്ട അപേക്ഷകർക്ക് (SC/ST/OBC) സർക്കാർ ചട്ടങ്ങൾ പ്രകാരം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. കേപ്പിന്റെ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലോ ദിവസവേതന അടിസ്ഥാനത്തിലോ മുൻപ് ജോലി ചെയ്തിട്ടുള്ളവർക്കും നിലവിൽ ജോലി ചെയ്യുന്നവർക്കും കേപ്പിന്റെ ബാധകമായ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി, നിയമന കാലയളവിനുള്ളിൽ 65 വയസ്സ് പൂർത്തിയാകുന്നവരായിരിക്കരുത്.

**നിയമന രീതി** : പ്രാരംഭഘട്ടത്തിൽ ആറുമാസത്തെ കാലയളവിലേക്കായിരിക്കും നിയമനം നടത്തുക. പ്രസ്തുത കാലയളവ് അവസാനിക്കുന്നതോടെ, ബാധകമായ ചട്ടങ്ങൾക്കും ഭരണപരമായ ആവശ്യകതകൾക്കും അനുസൃതമായി അധികാരപ്പെട്ട മേലധികാരി പുതിയ നിയമന ഉത്തരവോ നിയമന കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള ഉത്തരവോ പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ, നിയമനം സ്വമേധയാ അവസാനിക്കുന്നതാണ്. മുൻകാല സേവനത്തിന്റെയോ മുൻപ് അനുവദിച്ച കാലാവധി ദീർഘിപ്പിക്കലിന്റെയോ അടിസ്ഥാനത്തിൽ നിയമനം തുടരുന്നതിന് അവകാശവാദം ഉന്നയിക്കാവുന്നതല്ല. ഈ നിയമനം താൽക്കാലിക സ്വഭാവത്തിലുള്ളതാണെന്ന് അംഗീകരിക്കുകയും, ഈ നിയമനം വഴി സ്ഥിരനിയമനം, സ്ഥിരം തസ്തികയിലേക്കുള്ള ഉൾക്കൊള്ളൽ (Absorption) അല്ലെങ്കിൽ സ്ഥിരവൽക്കരണം (Regularization) എന്നിവയ്ക്കുള്ള യാതൊരു അവകാശവും ലഭിക്കുന്നതല്ലെന്ന് സ്ഥിരീകരിക്കുകയും വേണം. നിയമന സമയത്ത്, തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥി മേൽ പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി നിശ്ചിത മാതൃകയിലുള്ള ഒരു സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.

**റാങ്ക് ലിസ്റ്റ്:** ഓരോ തസ്തികയ്ക്കും/വിഭാഗത്തിനും ബാധകമായിടങ്ങളിൽ, തിരഞ്ഞെടുപ്പിനായി അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രത്യേകം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ് . റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടുമാത്രം ഒരു ഉദ്യോഗാർത്ഥിക്ക് നിയമനം ലഭിക്കുന്നതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.. ഒഴിവുകളുടെ ലഭ്യത, സ്ഥാപനത്തിന്റെ ആവശ്യകത, മേലഅധികാരിയുടെ അംഗീകാരം എന്നിവയ്ക്ക് വിധേയമായി മാത്രമേ നിയമനം നടത്തുകയുള്ളൂ. റാങ്ക് ലിസ്റ്റിന്റെ സാധുത, മേലഅധികാരി മറ്റുവിധത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ, പ്രസ്തുത ലിസ്റ്റിന് അംഗീകാരം ലഭിച്ച തീയതി മുതൽ സാധാരണയായി ഒരു വർഷമായിരിക്കും.

**താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം <u>ഒക്ടോബർ 30ന് രാവിലെ 10 മണിക്ക്</u> അഭിമുഖത്തിന് ഹാജരാകാവുന്നതാണ്.**

COLLEGE OF ENGINEERING
CAPE, GOVT. OF KERALA
PATHANAPURAM

Principal
College of Engineering
Pathanapuram